## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *256 — 15.02.2013-ൽ മറുപടിയ്ക്ക്

### മോണോറെയിൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എളമരം കരീം<br>,, വി.ശിവൻകുട്ടി<br>,, ബി.സത്യൻ<br>,, എ.പ്രദീപ് കുമാർ | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) നിർദ്ദിഷ്ട മോണോ റെയിൽ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) കോഴിക്കോട് മോണോ റെയിൽ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 09.10.2012-ലെ ജി.ഒ. (എം.എസ്) നം. 72/2012/പൊ.മ.വ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം മോണോ റെയിൽ പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| (ബി) ഏതെല്ലാം സ്ഥലങ്ങളിൽ മോണോ റെയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു ; ഓരോ പദ്ധതിയുടെ മതിപ്പ് ചെലവ് വിശദമാക്കുമോ ; | (ബി) സംസ്ഥാനത്ത് കോഴിക്കോടും തിരുവനന്തപുരത്തുമാണ് മോണോ റെയിൽ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഡി.എം.ആർ.സി 2012 ജൂണിൽ സമർപ്പിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് പ്രകാരം കോഴിക്കോട് മോണോ റെയിൽ പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ അടങ്കൽ തുക 1832 കോടി രൂപയാണ്. എന്നാൽ 2015-ൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് 1991 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. തിരുവനന്തപുരം മോണോ റെയിൽ പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ അടങ്കൽ, 2012 ഡിസംബറിൽ സമർപ്പിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ടിലെ കണക്കനുസരിച്ച് 3054 കോടി രൂപയാണ്. എന്നാൽ 2019-ൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ഏകദേശം 3590 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | നടപ്പ വർഷം സംസ്ഥാന ബജറ്റിൽ ഇതിന് വകയിരുത്തപ്പെട്ട തുക എത്ര ; എന്തു തുക ഏതെല്ലാം ഇനങ്ങളിൽ ഇതിനകം ചെലവായിട്ടുണ്ട് ; | (സി) | നടപ്പ വർഷം ഇതിനായി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും, കമ്പനി രൂപീകരണത്തിനുമായി 1,67,23,932/- രൂപ കേരള റോഡ് ഫണ്ട് ബോർഡ് മുഖേന ചെലവായിട്ടുണ്ട്. |
| (ഡി) | മോണോ റെയിൽ പദ്ധതിക്ക് ഏതെല്ലാം ഏജൻസികളിൽ നിന്നുള്ള പണം ലഭിക്കുമെന്ന് ഉറപ്പായിട്ടുണ്ട് ; വിശദമാക്കാമോ ? | (ഡി) | മോണോ റെയിൽ പദ്ധതിക്ക് മറ്റ് ഏജൻസികളിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നത് സംബന്ധിച്ച് തീരുമാനങ്ങൾ ഒന്നും എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ